**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2213** **21-06-2024 - ൽ മറുപടിയ്ക്ക്**

**ആരോഗ്യവകുപ്പിലെ ഡെപ്യൂട്ടി എഡ്യൂക്കേഷൻ & മീഡിയ ഓഫീസർ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2010 ജനുവരി ഒന്ന് മുതൽ 2024 മെയ് 31 വരെ ആരോഗ്യവകുപ്പിൽ ഡെപ്യൂട്ടി എഡ്യൂക്കേഷൻ & മീഡിയ ഓഫീസർ, ഹെൽത്ത് എഡ്യൂക്കേഷൻ എക്സ്റ്റൻഷൻ ഓഫീസർ എന്നീ തസ്തികകളിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തതെന്ന് വിശദമാക്കാമോ; | (എ) | 2010 ജനുവരി ഒന്ന് മുതൽ 2024 മെയ് 31 വരെ ഡെപ്യൂട്ടി ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ & മീഡിയ ഓഫീസർ തസ്തികയിൽ 44 ഒഴിവുകളും ഹെൽത്ത് എഡ്യൂക്കേഷൻ എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ 2 ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | മേൽ കാലയളവിൽ റിപ്പോർട്ട് ചെയ്തിരുന്ന ഒഴിവുകളിൽ എത്രയെണ്ണത്തിലാണ് വകുപ്പുതല സ്ഥാനക്കയറ്റം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | വകുപ്പ് തല സ്ഥാനക്കയറ്റം 25 ഒഴിവുകളിൽ നൽകിയിട്ടുണ്ട്. |
| (സി) | നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ; | (സി) | നിലവിൽ 4 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത തസ്തികകളിൽ പി.എസ്.സി. നിയമനം നടത്തുന്നതും സ്ഥാനക്കയറ്റം നൽകുന്നതും സംബന്ധിച്ചുള്ള സർക്കാർ ഉത്തരവ് നാളിതുവരെയായി കൃത്യമായി പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ